**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 68** **04-10-2021 - ൽ മറുപടിയ്ക്ക്**

**പാർവ്വതീ പുത്തനാർ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പാർവ്വതീ പുത്തനാർ നവീകരണ പുരോഗതി വിശദമാക്കാമോ; | (എ) | പാർവ്വതീ പുത്തനാറിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന SPV യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാർവ്വതീ പുത്തനാറിൽ മൂന്നാറ്റുമുക്ക് മുതൽ ആക്കുളം വരെയുള്ള ഭാഗത്തു പ്രാഥമിക ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കുളവാഴയും മറ്റ ജലജന്യസസ്യങ്ങളും നീക്കം ചെയ്ത് ശുചീകരിച്ച കനാൽ ഭാഗങ്ങൾ പരിപാലിക്കുന്നുണ്ട്. പാർവ്വതീ പുത്തനാർ നവീകരണം - രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി കനാലിന്റെ ഇരുവശങ്ങളിലുമായി സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. വെസ്റ്റ് കോസ്റ്റ് കനാലിന്റെ കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് കനാലിനോട് ചേർന്ന് താമസിക്കുന്നവരുടെ പുനരധിവാസത്തിനായുള്ള 247.2 കോടി രൂപയുടെ പുനരധിവാസപദ്ധതിയ്ക്ക് കിഫ്ബി-യിൽ നിന്നും ധനസഹായം തേടുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. പാർവ്വതീ പുത്തനാർ നവീകരണ പദ്ധതി യുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബി ധനസഹായം ലഭ്യമാക്കി പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കുന്നതാണ്. |
| (ബി) | കോവളം-കാസർഗോഡ് ദേശീയ ജലപാത പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ? | (ബി) | കോവളം മുതൽ കാസറഗോഡ് ബേക്കൽ വരെ 616 കി.മീ. ദൂരമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം ദേശീയ ജലപാത (NW3) യായി പ്രഖ്യാപിച്ചിട്ടുള്ളതും നിലവിൽ ഇത് സഞ്ചാരയോഗ്യവുമാണ്. കോട്ടപ്പുറം മുതൽ വടക്കോട്ട് കോഴിക്കോട് ജില്ലയിലെ കല്ലായിപ്പുഴ വരെ ദേശീയ ജലപാതാ നിലവാരത്തിൽ (NW 3) extension ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗം സംസ്ഥാന ജലപാതാ |

| | | | |
|---|---|---|---|
| | | | നിലവാരത്തിൽ വികസിപ്പിക്കുന്ന തിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോഴിക്കോട് പട്ടണത്തിൽ കൂടി കടന്നു പോകുന്നതും ജലപാതാ വികസനത്തിന് തടസ്സമായിട്ടുള്ളതുമായ കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള കനോലി കനാൽ എന്നറിയപ്പെടുന്ന ഭാഗത്തെ വികസനത്തി നാവശ്യമായ സാമ്പത്തിക സഹായം കിഫ്ബിയിൽ നിന്ന് ലഭിക്കുന്നതിനായി ഒരു കൺസപ്റ്റ് നോട്ട് (ആശയ കുറിപ്പ്) KWIL തയ്യാറാക്കി വരുന്നു. വടകര – മാഹി കനാലിൽ ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നതോടൊപ്പം ആയതിന്റെ പൂർത്തീകരണത്തിലേയ്ക്ക് ആവശ്യമായ 75 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഇതിലേയ്ക്കായി എട്ട് (8) പ്രവൃത്തികളിലേയ്ക്ക് 11 (1) വിജ്ഞാപനം ആവശ്യമുള്ളതിൽ ഏഴിനും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മാഹി - വളപട്ടണം ഭാഗത്തെ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ KWIL ന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് അലൈൻമെന്റ് മാറ്റേണ്ടതായി വന്നതിനാൽ പുതുക്കിയ DPR സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. നീലേശ്വരം ബേക്കൽ ഭാഗത്തെ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് KWIL ന്റെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജലലഭ്യത വിലയിരുത്തുന്നതിനാവശ്യമായ വാട്ടർ ബാലൻസ് പഠനം നടന്നുവരുന്നു. റിപ്പോർട്ട് KITCO യിൽ ഒക്ടോബർ രണ്ടാം വാരത്തോടെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ